04-03-2023

SATURDAY

ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


Chief Editor : PADMAM S.  Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–04/03/2023.

1. കർഷകരുടെ വരുമാന വർദ്ധനവിന് മൂല്യവർദ്ധനവ് ഏറ്റവും മികച്ച ആശയമാണെന്നും അതുവഴി മെച്ചപ്പെട്ട വിപണി കണ്ടെത്താമെന്നും നിയമസഭാസ്പീക്കർ എ എൻ ഷംസീർ. കൃഷി സംസ്കാരത്തിന്റെ ഭാഗമാണ്, അവഗണിക്കുവാൻ കഴിയാത്ത വിധം എല്ലാസംസ്കാരങ്ങളിലും ഇഴുകിച്ചേർന്ന മേഖലയാണ് കൃഷി. കൃഷി വകുപ്പ് പുത്തരിക്കണ്ടം മൈതാനിയിൽ സംഘടിപ്പിച്ച വൈഗ 2023 സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു സ്പീക്കർ ജനപങ്കാളിത്തം കൊണ്ടും നവീന ആശയങ്ങൾ കൊണ്ടും വൈഗ ആറാമത്തെ എഡിഷൻ വിജയമായി എന്നും, വൈഗ സമാപിക്കുകയല്ല വൈഗയുടെ ഭാഗമായി സംഘടിപ്പിച്ച കാർഷിക മൂല്യവർദ്ധന മേഖലയിലെ അനവധി ഇടപെടലുകളിലൂടെ തുടർനടപടികളുമായി സജീവമാകുമെന്നും അധ്യക്ഷപ്രസംഗത്തിൽ കൃഷിമന്ത്രി പി പ്രസാദ് പറഞ്ഞു. കേരൾ അഗ്രോ ബ്രാൻഡിൽ 65 കാർഷിക ഉത്പന്നങ്ങൾ ഓൺലൈനിൽ എത്തിച്ചുവെന്നും, തുടർന്ന് കാർഷികോത്പാദനസംഘടനകൾ ഉത്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള ഉൽപ്പന്നങ്ങളും കർഷകരുടെ ഉൽപ്പന്നങ്ങളും ബ്രാൻഡ്ചെയ്ത് വിണിയിൽ ലഭ്യമാക്കുമെന്നും മന്ത്രി പറഞ്ഞു. കാർഷിക മേഖലയിൽ മൂല്യവർദ്ധിത ശൃംഖലയുടെ വികസനം എന്ന ആശയം ആഗോള സാമ്പത്തിക സാഹചര്യത്തിൽ സുപ്രധാനമായ ഒന്നാണെന്ന് അന്താരാഷ്ട്ര നാളികേര സമൂഹത്തിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ ജൽഫിന സി അലൗ പറഞ്ഞു. വൈഗ പുത്തൻ ആശയങ്ങൾ കാർഷിക മേഖലയ്ക്ക് സമ്മാനിച്ചുവെന്ന് റവന്യൂ മന്ത്രി കെ രാജൻ പറഞ്ഞു. മന്ത്രിമാരായ അഡ്വ. ജി ആർ അനിൽ, ജെ.ചിഞ്ചുറാണി, അഹമ്മദ് ദേവർകോവിൽ, ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, കേരഫെഡ് ചെയർമാൻ വി ചാമുണ്ണി, ബാങ്ക് ഓഫ് ബറോഡ, കാനറാ ബാങ്ക് പ്രതിനിധികൾ എന്നിവർ സംസാരിച്ചു. വിവിധ മത്സരങ്ങളിൽ വിജയികളായവർക്കും വൈഗയിൽ മികച്ച പ്രകടനം നടത്തിയവർക്കുമുമ സമ്മാനദാനം മന്ത്രിമാർ നിർവ്വഹിച്ചു. കാർഷികോൽപാദന കമ്മീഷണർ ബി അശോക് ഐ എ എസ്സ് സ്വാഗതവും കൃഷി അഡീഷണൽ ഡയറക്ടർ ജോർജ് അലക്സാണ്ടർ നന്ദിയും പറഞ്ഞു.

2. മൃഗസംരക്ഷണ വകുപ്പ് തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിയ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ പ്രവർത്തനസജ്ജമാക്കുന്നതിലേക്കായി പാരവെറ്റ് തസ്തികയിലേക്ക് കരാടിസ്ഥാനത്തിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

താൽക്കാലിക നിയമനം നടത്തുന്നതിന് 04/03/2023ന് രാവിലെ 11 മണിക്ക് തമ്പാനൂർ എസ് എസ് കോവിൽ റോഡിലുള്ള ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ വെച്ച് വാക്ക് ഇൻ ഇൻറർവ്യൂ നടത്തുന്നു. ഉദ്യോഗാർത്ഥികൾ യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം ഇൻറർവ്യൂവിൽ ഹാജരാകേണ്ടതാണ്. പ്രവൃത്തി പരിചയമുള്ളവർക്ക് നിയമാനുസൃത മുൻഗണന ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 – 2330736 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**പരിശീലന പരിപാടി**

3. ക്ഷീര വികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റ പുൽ കൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീര കർഷകർക്ക് മാർച്ച് 9, 10 തീറ്റ പുൽ കൃഷിയിൽപരിശീലനം നല്കുന്നു.രജിസ്ട്രേഷൻ ഫീസ് 20 രൂപ. ആധാർ, ബാങ്ക് പാസ്സ് ബുക്ക് എന്നിവയുടെ പകർപ്പുകൾ കൈയ്യിൽ കരുതേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2501706/9400831831 എന്നീ നമ്പരുകളിൽ വിളിക്കുക അല്ലെങ്കിൽ whatsapp ചെയ്യുക .

4. പാലക്കാട് പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന കൃഷി വിജ്ഞാന കേന്ദ്രത്തിൽ **യന്ത്രങ്ങൾ ഉപയോഗിച്ച് തെങ്ങ് കയറ്റത്തിനുള്ള പരിശീലനം** ഇന്ന് (04.03.23) സംഘടിപ്പിക്കുന്നു പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ **6282937809, 0466 2912008, 2212279** എന്നി ഫോൺ നമ്പരിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്

5. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് 2023 മാർച്ച് 27 മുതൽ 29 വരെയുള്ള തീയതികളിൽ നടക്കുന്ന കോഴ്സിൽ പ്ലസ്ടുവിനോ ബിരുദത്തിനോ രസതന്ത്രം ഒരു വിഷയമായി പഠിച്ചിട്ടുള്ളവർക്ക് ചേരാം. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാം.

**കാർഷിക നിർദ്ദേശങ്ങൾ**

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

6. നെല്ലിലെ തണ്ടുതുരപ്പനെ നിയന്ത്രിക്കുന്നതിനായി ശലഭത്തെ നെല്ചെടിയിൽ കണ്ടു തുടങ്ങിയാൽ കാർടാപ് ഹൈഡ്രോക്ലോറൈഡ് എന്ന തരി രൂപത്തിലുള്ള കീടനാശിനി ഒരു ഏക്കറിന് 5 കിലോ ഗ്രാം എന്ന തോതിൽ അല്ലെങ്കിൽ ക്ലോറാൻട്രാനിലിപ്രോൽ 04 ഗ്രാം ഒരു ഏക്കറിന് 4 കിലോഗ്രാം എന്ന തോതിൽ ഇട്ടു കൊടുക്കുക.

- കതിര് വരുന്നതിനു മുൻപായി നെൽച്ചെടികളെ ബാധിക്കുന്ന കുമിൾ രോഗമാണ് ലക്ഷ്മി രോഗം അഥവാ വാരിപ്പൂവ്.
- സാധാരണയായി മൂടിക്കെട്ടിയ അന്തരീക്ഷ സ്ഥിതിയിലാണ് ഈ രോഗം കാണപ്പെടുന്നത്.
- നിലവിൽ ചൂടുകൂടിയ അന്തരീക്ഷസ്ഥിതി ഉണ്ടെങ്കിലും 2 മുതൽ 3 ദിവസം വരെ മുടിക്കെട്ടിയ അന്തരീക്ഷസ്ഥിതി നിലനിൽക്കുന്ന ഇടങ്ങളിൽ ലക്ഷ്മി രോഗം വരാനുള്ള സാധ്യത കൂടുതലാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം